**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4104** **18-07-2022 - ൽ മറുപടിയ്ക്ക്**

**എസ്.പി.വി.കളുടെ പോരായ്മകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതികളുടെ നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ട പല എസ്.പി.വി.കൾക്കും വിപുലമായ സാങ്കേതിക/എഞ്ചിനീയറിംഗ് വിഭാഗം ഇല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില എസ്.പി.വി.കൾ പദ്ധതി മേൽനോട്ടത്തിന് ആവശ്യമായ എൻജിനീയർമാരെ നിയമിക്കാത്തത് പ്രവൃത്തികളുടെ സുഗമമായ നടത്തിപ്പിന് വിഘാതം സൃഷ്ടിക്കുന്നുണ്ട് എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആവശ്യത്തിനുള്ള എൻജിനീയർമാരെ നിയമിക്കാനുള്ള നിർദ്ദേശം കിഫ്ബിയിൽ നിന്നും എസ്.പി.വി.കൾക്ക് നൽകിയിട്ടുണ്ട്. ആവശ്യത്തിന് എൻജിനീയർമാരെ നിയമിക്കാത്ത എസ്.പി.വി.കളുടെ സെന്റേജ് ചാർജിൽ നിന്നും കിഫ് ബോർഡ് അംഗീകരിച്ച പ്രകാരമുള്ള കുറവ് വരുത്തുന്നതടക്കമുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നുണ്ട്. പദ്ധതി മേൽനോട്ടത്തിന് ആവശ്യമായ എഞ്ചിനീയർമാർ ഇല്ലാത്ത സാഹചര്യത്തിൽ പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസിന്റെ സേവനം പ്രയോജനപ്പെടുത്തുവാൻ ആവശ്യമായ നിർദ്ദേശം എസ്.പി.വി കൾക്ക് നൽകിയിട്ടുണ്ട്. |
| (ബി) | എസ്.പി.വി.കളുടെ സാങ്കേതിക/എഞ്ചിനീയറിംഗ് മേഖലയിലെ പരിചയക്കുറവും ജീവനക്കാരുടെ അഭാവവും പ്രവൃത്തികളുടെ സുഗമമായ നടത്തിപ്പിന് വിഘാതം സൃഷ്ടിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ചില എസ്.പി.വി.കൾ പദ്ധതി മേൽനോട്ടത്തിന് ആവശ്യമായ എൻജിനീയർമാരെ നിയമിക്കാത്തത് പ്രവൃത്തികളുടെ സുഗമമായ നടത്തിപ്പിന് വിഘാതം സൃഷ്ടിക്കുന്നുണ്ട് എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആവശ്യത്തിനുള്ള എൻജിനീയർമാരെ നിയമിക്കാനുള്ള നിർദ്ദേശം കിഫ്ബിയിൽ നിന്നും എസ്.പി.വി.കൾക്ക് നൽകിയിട്ടുണ്ട്. ആവശ്യത്തിന് എൻജിനീയർമാരെ നിയമിക്കാത്ത എസ്.പി.വി.കളുടെ സെന്റേജ് ചാർജിൽ നിന്നും കിഫ് ബോർഡ് അംഗീകരിച്ച പ്രകാരമുള്ള കുറവ് വരുത്തുന്നതടക്കമുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നുണ്ട്. പദ്ധതി മേൽനോട്ടത്തിന് ആവശ്യമായ എഞ്ചിനീയർമാർ ഇല്ലാത്ത സാഹചര്യത്തിൽ പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസിന്റെ സേവനം |

| | | | |
|---|---|---|---|
| | | | പ്രയോജനപ്പെടുത്തുവാൻ ആവശ്യമായ നിർദ്ദേശം എസ്.പി.വി കൾക്ക് നൽകിയിട്ടുണ്ട്. |
| (സി) | ചില എസ്.പി.വി.കൾ മറ്റ് ഏജൻസികളെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് ആയി നിയമിക്കുന്നത് അധിക ചെലവ് സൃഷ്ടിക്കുന്നുണ്ടോ;വിശദാംശം നൽകുമോ ? | (സി) | എസ്.പി.വി.കൾ മറ്റ് ഏജൻസികളെ പി.എം.സി ആയി നിയമിക്കുന്നതിനുള്ള ചിലവ് പദ്ധതി നടത്തിപ്പിനായി കിഫ്ബി നൽകി വരുന്ന സെന്റേജിൽ നിന്നുമാണ് വഹിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ